# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 14.05.2026**

## പ്രധാനവാർത്തകൾ

1. കേരളത്തിന്റെ 13-ാമത് മുഖ്യമന്ത്രിയായി വി ഡി സതീശൻ തിങ്കളാഴ്ച സത്യപ്രതിജ്ഞ ചെയ്യേക്കും; പുതിയ മന്ത്രിസഭ സംബന്ധിച്ച ചർച്ചകൾ സജീവം. പിണറായി വിജയൻ പ്രതിപക്ഷ നേതാവാകും.
2. സംസ്ഥാനം നേരിടുന്ന വെല്ലുവിളികളെ ചെറുക്കാൻ ഒരുമിച്ചു നിൽക്കണമെന്ന് നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ.
3. യു എ ഇ ഉൾപ്പെടെ അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും.
4. സംസ്ഥാനത്ത് എസ്എസ്എൽസി ഫലപ്രഖ്യാപനം നാളെ ഉച്ചയ്ക്ക് മൂന്ന് മണിക്ക്.
5. കേരളത്തിൽ വിവധയിടങ്ങളിൽ തിങ്കളാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത; 10 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസിനെ നേരിടും

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## ********വാർത്തകൾ വിശദമായി********

### കേരളം -മുഖ്യമന്ത്രി

കേരളത്തിൻറെ പുതിയ മുഖ്യമന്ത്രിയായി വി ഡി സതീശൻ ചുമതലയേൽക്കും. തിങ്കളാഴ്ച സത്യപ്രതിജ്ഞ ചെയ്യേക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണ് സത്യപ്രതിജ്ഞ ചടങ്ങ് നടക്കുക. അതേസമയം നിയമസഭാ കക്ഷി യോഗം അല്പസമയത്തിനകം ആരംഭിക്കും. യോഗത്തിന് ശേഷം വി ഡി സതീശൻ ഗവർണറെ കണ്ട് സർക്കാർ രൂപീകരിക്കുന്നതിനുള്ള അവകാശ വാദം ഉന്നയിക്കുമെന്നാണ് സൂചന.

### വി ഡി സതീശൻ- (ഇൻട്രോ)

കേരളം നേരിടുന്ന വെല്ലുവിളികളെ ചെറുക്കാൻ ഒരുമിച്ചു നിൽക്കണമെന്ന് നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ. പുതുയുഗം സൃഷ്ടിക്കാൻ യു ഡി എഫ് ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി പ്രഖ്യാപനത്തിനു ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾ വലിയ ഉത്തരവാദിത്തമാണ് ഏൽപ്പിച്ചതെന്നും അവരോടുള്ള വാഗ്ദാനങ്ങൾ പാലിക്കുമെന്നും ശ്രീ സതീശൻ വ്യക്തമാക്കി. പ്രതിപക്ഷത്തിന്റെയും ജനങ്ങളുടെയും പൂർണ സഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു.

*(ഹോൾഡ്-വോയ്സ്)*

എറണാകുളം ജില്ലയിലെ നെട്ടൂരിൽ വടശ്ശേരി ദാമോദര മേനോന്റെയും വി.വിലാസിനിയമ്മയുടെയും മകനായി 1964 മെയ് 31നാണ് വി ഡി സതീശൻ ജനിച്ചത്. നെട്ടൂരിലും പനങ്ങാട്ടും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം തേവര സേക്രഡ് ഹാർട്ട്

RNUTVPM

കോളേജ്, തിരുവനന്തപുരം ലോ അക്കാദമി, ഗവൺമെൻറ് ലോ കോളേജ് എന്നിവിടങ്ങളിൽ നിന്ന് ബിരുദവും, ബിരുദാനന്തര ബിരുദവും നേടി. കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനമായ കെഎസ്‌യുവിൽ ചുമതലകൾ വഹിച്ച സതീശൻ, കെപിസിസി വൈസ് പ്രസിഡന്റ് പദവി ഉൾപ്പെടെ കോൺഗ്രസ് പാർട്ടിയുടെ ഉന്നതസ്ഥാനങ്ങളിലും പ്രവർത്തിച്ചു. 2001-ലാണ് പറവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി നിയമസഭയിലെത്തിയത്. തുടർന്ന് തുടർച്ചയായി അഞ്ച് തിരഞ്ഞെടുപ്പുകളിലും അദ്ദേഹം വിജയം നേടി. 2011ൽ യുഡിഎഫ് അധികാരത്തിൽ വന്നെങ്കിലും സതീശന് മന്ത്രിസ്ഥാനം ലഭിച്ചില്ല. 2021ൽ അദ്ദേഹം പ്രതിപക്ഷനേതാവായി. 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പറവൂരിൽ നിന്നും 20,600 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വി ഡി സതീശൻ വിജയിച്ചത്.

*ന്യൂസ്ഡെസ്ക്, ആകാശവാണി...............*

RNUTVPM

വി ഡി - പ്രൊഫൈൽ( ഇൻട്രോ)

അറുപത്തിയൊന്നാം വയസ്സിലാണ് വി ഡി സതീശൻ കേരളത്തിന്റെ 13-മത് മുഖ്യമന്ത്രി പദത്തിലെത്തുന്നത്. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം, പറവൂരിൽ തുടർച്ചയായി മികച്ച വിജയം നേടിയാണ് സംസ്ഥാന രാഷ്ട്രീയത്തിലെ നിർണ്ണായക സാന്നിധ്യമായി മാറിയത്.

**വിശദാംശങ്ങളിലേക്ക്.......**

*(ഹോൾഡ്-വോയ്സ്)*

## അഭിവാദ്യങ്ങൾ

നിയുക്ത മുഖ്യമന്ത്രി വി.ഡി. സതീശന് അഭിവാദ്യങ്ങൾ അർപ്പിച്ച് പ്രവർത്തകർ .സംസ്ഥാനത്തുടനീളം കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ വിജയാഹ്ളാദ പ്രകടനങ്ങൾ നടന്നു. അതേസമയം നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ, മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ കെ ആന്റണിയെ സന്ദർശിച്ചു . തിരുവനന്തപുരത്തെ വസതിയിൽ എത്തിയാണ് സന്ദർശിച്ചത്.

## ലീഗ് പ്രതികരണം

ജനവിധിയെ അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമാണ് കോൺഗ്രസ് ഹൈക്കമാൻഡിന്റേതെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ . ഘടക കക്ഷികളുടെ അഭിപ്രായം ഒന്നിലധികം തവണ തേടിയതായും ജനാധിപത്യപരമായ എല്ലാ പ്രക്രിയകളും പൂർത്തിയാക്കിയാണ് കോൺഗ്രസ് കേന്ദ്രനേതൃത്വത്തിന്റെ തീരുമാനമെന്നും അദ്ദേഹം മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു .

RNUTVPM

## പുതിയ മന്ത്രിസഭ - ചർച്ച(ഇൻട്രോ)

സംസ്ഥാനത്ത് പുതിയ മന്ത്രിസഭയെ കുറിച്ചുള്ള ചർച്ചകൾ ഇനി കൂടുതൽ സജീവമാകും.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി............*

*(വോയിസ്)*

## പ്രധാനമന്ത്രി വിദേശപര്യടനം

യുഎഇ ഉൾപ്പെടെ അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. അബുദാബി സന്ദർശിക്കുന്ന പ്രധാനമന്ത്രി, നാളെ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. ഊർജ്ജ സഹകരണം, പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ തുടങ്ങിയവ ഇരു നേതാക്കളും ചർച്ച ചെയ്യും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന ശ്രീ.മോദി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. ഞായറാഴ്ച സ്വീഡനും തുടർന്ന് നോർവേയും ഇറ്റലിയും പ്രധാനമന്ത്രി സന്ദർശിക്കും.

RNU TVPM

## എസ്എസ്എൽസി പരീക്ഷാഫലം

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും. ഉച്ചയ്ക്ക്ശേഷം 3 മണിക്ക് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയാണ് പ്രഖ്യാപനം നടത്തുക. സെക്രട്ടറിയേറ്റ് പി.ആർ. ചേംബറിലാണ് ഫലപ്രഖ്യാപനം നടക്കുന്നത്.പരീക്ഷാഫലം സംസ്ഥാന സർക്കാരിന്റെ ഏകീകൃത സേവന പ്ലാറ്റ് ഫോമായ 'നമ്മുടെ കേരളം' ആപ്പിലൂടെയും ലഭ്യമാകും.

## കാലാവസ്ഥ

ശനിയാഴ്ചയോടെ തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ കാലവർഷം എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ബംഗാൾ ഉൾക്കടലിന് മുകളിലായി ശക്തി കൂടിയ ന്യൂനമർദം നിലനിൽക്കുന്നു. ഇതിന്റെ സ്വാധീനത്താൽ സംസ്ഥാനത്ത് വിവധയിടങ്ങളിൽ തിങ്കളാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് ഒഴികെയുള്ള പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. അതേസമയം കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

## പാലക്കാട് (ഇൻട്രോ)

നിയുക്ത വനിതാ എം.എൽ.എ മാർക്ക് ആദരവായി വനിതാ ഉപഭോക്താക്കൾക്ക് സാധനങ്ങളിൽ വിലക്കുറവ് നൽകി സപ്ലൈക്കോ. 'വിമൺസ് 11' എന്ന പേരിലാണ് നിയസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 11 വനിതാ ജനപ്രതിനിധികൾക്ക് ആദരവ് നൽകുന്ന പദ്ധതിക്ക് സപ്ലൈക്കോ തുടക്കം കുറിച്ചിരിക്കുന്നത്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്........*

*(വോയിസ്)*

RNU TVPM

## ശബരിമല നട തുറന്നു

ഇടവമാസ പൂജകൾക്കായി ശബരിമല നട തുറന്നു. വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന്ദീപം തെളിയിച്ചു. ഇടവം ഒന്നായ നാളെ രാവിലെ അഞ്ചിന് നട തുറക്കും. പൂജകൾ പൂർത്തിയാക്കി 19 ന് രാത്രി 10 ന് നട അടയ്ക്കും.

## ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലെ 42 -ാമത് വാർഷിക ബിരുദദാനവും 9-ാമത് ജി പാർത്ഥസാരഥി സ്മാരക പ്രഭാഷണവും ശനിയാഴ്ച നടക്കും. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ മുഖ്യാഥിതിയാകും.

RNU TVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസിനെ നേരിടും. ധരംശാലയിൽ രാത്രി 7.30 നാണു മത്സരം.

## എസ്ഐആർ - III

മൂന്നാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണം, രാജ്യത്തെ 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി നടപ്പിലാക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഹരിയാന, ഝാർഖണ്ഡ്, കർണാടക, മഹാരാഷ്ട്ര, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ഒഡീഷ, പഞ്ചാബ്, സിക്കിം, ത്രിപുര, തെലങ്കാന, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലാണ് മൂന്നാം ഘട്ടത്തിൽ വോട്ടർ പട്ടിക പുതുക്കുന്നത്. ഡൽഹി, ചണ്ഡീഗഡ്, ദാദ്ര-നഗർ ഹവേലി & ദാമൻ-ദിയു എന്നിവയാണ് പട്ടികയിലുള്ള കേന്ദ്രഭരണ പ്രദേശങ്ങൾ.

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 790 പോയിന്റ് നേട്ടത്തിൽ 75,399 ലും,നിഫ്റ്റി 277 പോയിന്റ് ഉയർന്ന് 23,689 ലും വ്യാപാരം അവസാനിച്ചു .
സ്വർണ വില കൂടി. പവന് 240 രൂപ വർധിച്ചു ഒരു ലക്ഷത്തി 19,040 രൂപയും,ഗ്രാമിന് 14,880 രൂപയുമാണ് ഇന്നത്തെ വില

RNLI TVPM

## ബ്രിക്സ് യോഗം

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. റഷ്യ, ഇറാൻ, ബ്രസീൽ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ മന്ത്രിമാർ പ്രധാനമന്ത്രിയെ സന്ദർശിച്ചു. ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ചായിരുന്നു സന്ദർശനം.

## <u>പശ്ചിമേഷ്യ- യോഗം</u>

രാജ്യത്ത് അസംസ്കൃത എണ്ണ, പാചകവാതകം, പ്രകൃതിവാതകം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി കേന്ദ്ര സർക്കാർ. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ വിശദീകരണ യോഗത്തിൽ പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം അറിയിച്ചത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠

✠✠✠✠

✠✠

RNU TVPM